LIBRARY ARCHIVES Kerala Legislative Assembly

**പെട്രോളിന്റേയും ഡീസലിന്റേയും മേൽ കേന്ദ്ര സർക്കാർ നികുതി**

21 (*50) ശ്രീ. എം. മുകേഷ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പെട്രോളിന്റേയും ഡീസലിന്റേയും തുടരെയുണ്ടാകുന്ന വിലക്കയറ്റത്തിന് കാരണം സംസ്ഥാന സർക്കാരാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറയ്ക്കുകയാണ് ഉണ്ടായത്. എന്നാൽ 06-5-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2014-നുശേഷം 13 തവണ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയും സെസ്സും കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതാണ് പ്രധാന കാരണം. പെട്രോളിന്റെയും ഡീസലിന്റെയും തുടരെയുണ്ടാകുന്ന വിലക്കയറ്റത്തിനുകാരണം സംസ്ഥാന സർക്കാരാണെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ചു താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്യ് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക്, സെസ് എന്നിവ വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

(ബി) സംസ്ഥാനത്ത് വിൽക്കുന്ന പെട്രോളിന്റേയും ഡീസലിന്റേയും മേൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള വിവിധ നികുതി, സെസ്സുകൾ എന്നിവയുടെ

LIBRARY ARCHIVES Kerala Legislative Assembly

വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഇനത്തിൽ കേന്ദ്ര സർക്കാരിന് ഓരോ ലിറ്റർ പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും എത്ര തുകയാണ് ലഭിക്കുന്നത്; വ്യക്തമാക്കാമോ?

പെട്രോളിനും ഡീസലിനും കേന്ദ്ര സർക്കാർ ചുമത്തുന്ന വിവിധ നികുതിയിനങ്ങളും പ്രതിലിറ്ററിൽ അവയിൽ നിന്നും ലഭിക്കുന്ന തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനം പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി, സെസ്സ് എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സംസ്ഥാന സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന നികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ 31-5-2018-ലെ SRO 345/2018 പ്രകാരം 2018-ൽ പെട്രോളിന്റെ നികുതി നിരക്ക് 31.80%-ൽ നിന്നും 30.08% ആയും ഡീസലിന്റേത് 24.52%-ൽ നിന്നും 22.76% ആയി കുറയ്ക്കുകയുമാണ് ചെയ്തത്.

**കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ**

22(*51) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ബാങ്ക് വഴി എത്ര കോടി രൂപ കാർഷിക വായ്പ ഇനത്തിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള ബാങ്ക് വഴി 2,670 കോടി രൂപ കാർഷിക വായ്പ ഇനത്തിൽ നൽകിയിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ലിക്വിഡിറ്റി ഫണ്ടായി കേരള ബാങ്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.